**പതിന്നാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.136 28.06.2016-ൽ മറുപടിക്ക്**

**ആരോഗ്യ വകുപ്പിലെ കേഡർ സമ്പ്രദായം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ വകുപ്പിലെ കേഡർ സമ്പ്രദായം പരിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) ഇപ്പോൾ പരിഗണനയിലില്ല |
| (ബി)അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ ഓപ്ഷൻ നൽകുന്ന ഡോക്ടർമാരുടെ കുറവ് കാരണം പല താലൂക്ക് ആശുപത്രികളിലും സൂപ്രണ്ടുമാരെ നിയമിക്കാൻ കഴിയാത്ത അവസ്ഥ നിലവിലുണ്ടോ; | (ബി)അഡ്മിനിസ്ട്രേറ്റീവ് കേഡറിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ഉള്ളവരെയാണ് സൂപ്രണ്ട് തസ്തികകളിലേയ്ക്ക് നിയമനം നൽകുന്നത്. നിലവിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിൽ 17 ഓളം ഒഴിവുകൾ ഉണ്ട്. ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് തസ്തികയിൽ ഉള്ള മെഡിക്കൽ ആഫീസർമാരുടെ ഡി.പി.സി കൂടി സ്ഥാനകയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി)മേജർ ആശുപത്രികളിൽ സൂപ്രണ്ടുമാരായി സ്പെഷ്യാലിറ്റി കേഡറിൽ നിന്നും സീനിയർ ഡോക്ടർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി)നിലവിൽ അഡ്മിനിസ്ട്രേറ്റീവ് കേഡർ തസ്തികയിൽ നിന്നുമാണ് സൂപ്രണ്ടുമാർക്ക് നിയമനം നൽകാൻ വ്യവസ്ഥ ചെയ്തിരിക്കുന്നത്. |
| (ഡി)ആശുപത്രികളിൽ വളരെ പ്രധാനപ്പെട്ട ചുമതല | (ഡി)നിലവിൽ ജനറൽ കേഡറിലെ മെഡിക്കൽ ആഫീസർമാരെ ആണ് ആർ.എം.ഒ ആയി |

നിർവ്വഹിക്കേണ്ട ആർ.എം.ഒ മാരായി ജൂനിയറായ ഡോക്ടർമാരെ നിയമിക്കുന്ന രീതി പരിഷ്കരിക്കുമോ?

നിയമിക്കുന്നത്. ഇത്തരത്തിൽ നിയമനം നൽകുമ്പോൾ ചില അവസരങ്ങളിൽ ജൂനിയറായ ഡോക്ടർമാരെയും ആർ.എം.ഒ ആയി നിയമനം നൽകേണ്ടി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ